LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ

134 [895] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇത്തരമൊരു മാറ്റത്തിനുള്ള ശുപാർശ ഏത് ഏജൻസിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ പെൻഷൻ സംവിധാനത്തെക്കുറിച്ച് ബോർഡിലെ ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ:

(എഫ്) ജീവനക്കാരുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി വന്നിട്ടുള്ള നിർദ്ദേശങ്ങൾ തള്ളിക്കളയാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി—എഫ്) പ്രസക്തമല്ല.

കേന്ദ്രാനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന ജലസേചന പദ്ധതികൾ

135 [900] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേന്ദ്ര അനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ജലസേചന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; ഇതിന് അടങ്കൽ തുക എത്ര; സംസ്ഥാനത്ത് ഇതിനാവശ്യമായ വിഭവസമാഹരണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര ജലസേചന പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്;

(ഡി) ഏതു വർഷത്തിലാണ് ഇവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ എത്ര ജലസേചന പദ്ധതികൾ നിർമ്മാണത്തിലിരിക്കുന്നു; അവ ഏതെല്ലാം;

(എഫ്) ഇവ ഓരോന്നും ഏതു വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവയാണ്; ഇവ എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കണക്കാക്കുന്നത്;

(ജി) ഇവയുടെ ഒറിജിനൽ എസ്റ്റിമേറ്റ് എത്രയായിരുന്നു; ഇവയ്ക്കോരോന്നിനും വേണ്ടി ഇതുവരെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; ഇപ്പോൾ ഓരോന്നിന്റെയും എത്ര ശതമാനം പണി തീർന്നിട്ടുണ്ട്;

(എച്ച്) നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കാൻ എത്ര കോടി രൂപ വേണ്ടിവരും;

(ഐ) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം ലഭിക്കുന്നു; എത്ര വീതം, ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നുമാണ് സഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര അനുമതിക്കുവേണ്ടി നേരത്തെ സമർപ്പിച്ചിരുന്ന ഇടമലയാർ, അട്ടപ്പാടി എന്നീ പദ്ധതികൾ മാറ്റങ്ങളോടുകൂടി വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കേന്ദ്രജലവിഭവ മന്ത്രാലയം തിരിച്ചയയ്ക്കുകയുണ്ടായി. കേന്ദ്ര അനുമതിക്കായി ഇപ്പോൾ വേറെ പുതിയ പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി ജലസേചന പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വൻകിട ഇടത്തരം പദ്ധതികളൊന്നും കമ്മീഷൻ ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ, എഫ്)

	പദ്ധതി	ആരംഭിച്ച വർഷം	പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വർഷം
1.	മൂവാറ്റുപുഴ	1974	2004
2.	ഇടമലയാർ	1981	2007
3.	കാരാപ്പുഴ	1977	2005
4.	ബാണാസുര സാഗർ	2000	2006
5.	റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല	1999	2005
6.	റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം	1983	അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്
7.	കുരിയാർകുറ്റി-കാരപ്പാറ	1995	കോടതി വിധി പ്രകാരമുള്ള പണികൾ 2004-05-ൽ പൂർത്തിയാകും.
8.	അട്ടപ്പാടി	1970	പ്രാരംഭദശയിൽ

LIBRARY ARCHIVES Kerala Legislative Assembly

കല്ലട, പഴശ്ശി, കാഞ്ഞിരപ്പുഴ എന്നിവ വൈന്റിംഗ് അപ് പദ്ധതികളിൽ ഉൾപ്പെടുത്തിയവയാണ്. ഈ പദ്ധതികളുടെ പണികൾ തീർത്തിടത്തുവച്ചു പൂർത്തിയാക്കുവാനും നിർമ്മിച്ച കനാലുകളിൽക്കൂടി ജലസേചന സൗകര്യം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(ജി)	പദ്ധതി	ഒറിജിനൽ തുക	ചെലവായ തുക	പൂർത്തിയായ ശതമാനം
1.	കല്ലട	13.28 കോടി	660 കോടി	95%
2.	കാരാപ്പുഴ	760 ലക്ഷം	19698.84ലക്ഷം	80%
3.	ബാണാസുര സാഗർ	1137.07 ലക്ഷം	1195.35 ലക്ഷം	20%
4.	റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല	1900 ലക്ഷം	1892.37 ലക്ഷം	85%
5.	റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം	7000 ലക്ഷം	396.13 ലക്ഷം	പ്രാരംഭ ദശയിൽ
6.	കാഞ്ഞിരപ്പുഴ	365 ലക്ഷം	11177.79 ലക്ഷം	100%
7.	കുരിയാർകുറ്റി	1000 ലക്ഷം	1366.17 ലക്ഷം	കോടതി നിർദ്ദേശിച്ച പണിയുടെ 50%
8.	പഴശ്ശി	442 ലക്ഷം	15620.97 ലക്ഷം	100%
9.	അട്ടപ്പാടി	476 ലക്ഷം	..	പ്രാരംഭ ദശയിൽ
10.	മൂവാറ്റുപുഴ	48.086 കോടി	438.42 കോടി	75%
11.	ഇടമലയാർ	17.85 കോടി	142.18 കോടി	41%

(എച്ച്)	പദ്ധതി		വേണ്ടിയിരുന്ന തുക	
1.	മൂവാറ്റുപുഴ	..	185	കോടി
2.	ഇടമലയാർ	..	320	,,
3.	കാരാപ്പുഴ	..	30	,,
4.	ബാണാസുര സാഗർ	..	37	,,
5.	റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല	..	16	,,
6.	റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം	..	120	,,
7.	കുരിയാർകുറ്റി-കാരപ്പാറ	..	183	,,
8.	അട്ടപ്പാടി	..	161	,,
9.	പഴശ്ശി			
10.	കാഞ്ഞിരപ്പുഴ		12	,,
11.	കല്ലട			

LIBRARY ARCHIVES Kerala Legislative Assembly